പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*659 — 03/04/2018-ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വയം തൊഴിൽ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ<br>ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.വി.അബ്ദുറഹിമാൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പ വരുത്തുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | (എ) നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നീ വിവിധ പദ്ധതികളിലൂടെ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങളും കരിയർ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്കു പ്രാപ്തരാക്കി, തൊഴിൽ ലഭ്യത ഉറപ്പാക്കി വരുന്നുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വയം തൊഴിൽ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് ചേർത്തിട്ടുള്ള വിഭിന്ന ശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി നടപ്പാക്കി വരുന്ന കൈവല്യ പദ്ധതിയിൽ ഇവരുടെ സമഗ്ര തൊഴിൽ പുനരധിവാസത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) കൈവല്യ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള നാല് ഘടകങ്ങളാണ് ഉള്ളത്.<br>1. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്<br>2. കപ്പാസിറ്റി ബിൽഡിംഗ്<br>3. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി<br>4. സ്വയം തൊഴിൽ വായ്പാ പദ്ധതി. |

(ഡി) എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പാക്കുന്ന ശരണ്യ, ജോബ് ക്ലബ്ബ് തുടങ്ങിയ പദ്ധതികൾ പ്രകാരം എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള വായ്പ തുകയും സബ്സിഡി തുകയും എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ഡി) ശരണ്യ, ജോബ് ക്ലബ്ബ് തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കളുടെ/ സംരംഭങ്ങളുടെ എണ്ണം, വായ്പ തുക, സബ്സിഡി തുക എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | നാളിതുവരെയുള്ള സംരംഭങ്ങളുടെ എണ്ണം | വായ്പാ തുക (പരമാവധി) | സബ്സിഡി തുക (പരമാവധി) |
|---|---|---|---|---|
| 1 | ശരണ്യ | 19027 | 50,000 | 25,000 |
| 2 | ജോബ് ക്ലബ് | 770 | 10,00,000 | 2,00,000 |

(ഇ) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ, ബിരുദധാരികളായ വനിതകൾ, തൊഴിലില്ലായ്മ വേതന പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർക്ക് മുൻഗണന നൽകുന്ന സ്വയം തൊഴിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ഇ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 (KESRU 99)**

കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ് മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് - 1999 (KESRU 99) പദ്ധതി 30.03.1999 ലെ സ.ഉ.(അച്ചടി) 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിലവിൽ വന്നു. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബവരുമാനം 1,00,000/ - രൂപയിൽ കവിയാൻ പാടില്ലാത്തതും 21 നും 50 വയസിനും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൻകീഴിൽ അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% തുക (പരമാവധി 20,000/-രൂപ വരെ) സബ്സിഡി നൽകുന്നു. പരമാവധി വായ്പ തുക 1,00,000/- (ഒരു ലക്ഷം) രൂപയാണ്. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അതത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

**2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്**

29.10.2007 ലെ ജി.ഒ (പി) 143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് /ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയം തൊഴിൽ പദ്ധതി നിലവിൽ വന്നത് . കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് . കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ളതായിരിക്കണം അപേക്ഷകർ . എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യ ക്ഷമത പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ് . എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല. (കുടുംബ വരുമാനം എന്നുദ്ദേശിക്കുന്നത്

ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്.) 21 നും 45 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ . മറ്റു പിന്നോക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും. ഒരു ജോബ് ക്ലബിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോംനേഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. പ്രൊഫഷണൽ /സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും . കൂടാതെ സംസ്ഥാന വ്യവസായ പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവൃത്തി കാര്യക്ഷമത സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാന ഐ.ടി.ഐ , ഐ റ്റി സി , പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൻ സൻസ്ഥാൻ , റൂഡ് സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. എല്ലാ പ്രവൃത്തിദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്ക് ശേഷം ജില്ലാ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രൊജക്റ്റ് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച് അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പാതുകയുടെ 25 % സബ്സിഡി (പരമാവധി 2 ലക്ഷം രൂപ ) നൽകുന്നു. പ്രൊജക്റ്റ് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വായ്പത്തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യം തന്നെ നിക്ഷേപിക്കേണ്ടതാണ്,

സെക്ഷൻ ഓഫീസർ